പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 552

30/06/2016 ൽ മറുപടിക്ക്

**പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. മുഹമ്മദ് മുഹാസിൻ<br>ശ്രീ. കെ. രാജൻ: | അഡ്വ കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി). |
| എ) മൃഗ സംരക്ഷണ രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്ക്, സൃഷ്ടിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, എന്തെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കുമോ; | എ) മൃഗസംരക്ഷണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.<br><br>**മൃഗസംരക്ഷണ വകുപ്പ്.**<br><br>1. ഫാമുകളിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് സഹായം നൽകുന്ന പദ്ധതി - 2016-17 ൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വനിതാസംരംഭകർക്ക് പ്രാമുഖ്യം നൽകും.<br>2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി<br>3) എഗ്ഗർ നഴ്സറി - സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ പരിപാലിച്ച്, 2 മാസം പ്രായമാകുമ്പോൾ കർഷകർക്ക് വിതരണം ചെയ്യുന്നു. ഭൂരിഭാഗം ഗുണഭോക്താക്കളും സ്ത്രീകളാണ്.<br>4. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ പദ്ധതി- സ്ത്രീകൾക്കുകൂടി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

**കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ.**

1. കെപ്കോ ആശ്രയ- സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ, 50രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്ന പദ്ധതി.

2. പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി - ഒരു പ്രദേശത്ത് തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 വനിതാഗുണഭോക്താക്കൾക്ക് 3ഘട്ടമായി ഗുണഭോക്തൃ വിഹിതമായി 35രൂപ നിരക്കിൽ 45 കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി.

3. കോഴിവളർത്തൽ ഗ്രാമങ്ങൾ - തെരഞ്ഞെടുക്കപ്പെടുന്ന 25 പഞ്ചായത്തുകളിൽ പഞ്ചായത്തൊന്നിന് 660 വനിതാഗുണഭോക്താക്കൾക്ക് 5 കോഴി, 2 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ നൽകുന്ന പദ്ധതി. ഗുണഭോക്തൃ വിഹിതമായി 150രൂപ അടയ്ക്കേണ്ടതുണ്ട്.

4. കോഴിവളർത്തൽ ഗ്രാമങ്ങൾ – മാനന്തവാടി, വയനാട്- മാനന്തവാടിയിലെ 7 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു പഞ്ചായത്തിലെ 650 വനിതകൾക്ക് 8 കോഴി, 10കിലോ തീറ്റ, 50രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

5. കെപ്കോ നഗരപ്രിയ- തെരഞ്ഞെടുക്കപ്പെടുന്ന നഗരസഭകളിലെ വനിതാഗുണഭോക്താക്കൾക്ക് 5 കോഴി, 5കിലോ തീറ്റ, 30രൂപയുടെ മരുന്ന്, ആധുനിക രീതിയിലുള്ള ഒരു കൂട്,എന്നിവ നൽകുന്ന പദ്ധതി. ഗുണഭോക്തൃ വിഹിതമായി ഒരു നിശ്ചിത തുക അടയ്ക്കേണ്ടതുണ്ട്.

6. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി - സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ, എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 5 കോഴി, 3കിലോ തീറ്റ, 50രൂപയുടെ മരുന്ന് എന്നിവ നൽകുന്ന പദ്ധതി.

| | |
|---|---|
| ബി) സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിച്ചിട്ടുണ്ടോ, | ബി) സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത നേടിയിട്ടില്ല. ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

| | |
|---|---|
| ഇല്ലെങ്കിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | 1) ശാസ്ത്രീയരീതിയിൽ കന്നുകുട്ടി പരിപാലന പദ്ധതി<br>2) ഗോവർദ്ധിനി<br>3) 13-ാം ധനകാര്യകമ്മീഷൻ<br>4) സൗജന്യനിരക്കിൽ കൃത്രിമ ബീജധാനം<br>5) കറവപ്പശുക്കൾക്ക് വിരമരുന്നു നൽകൽ<br>6)സൗജന്യനിരക്കിൽ ധാതുലവണ മിശ്രിതം<br>7)എരുമ വളർത്തൽ പ്രോത്സാഹന പദ്ധതി<br>8)അകിടുരോഗ നിയന്ത്രണ പദ്ധതി<br>9) മൃഗാരോഗ്യ ക്യാമ്പുകൾ<br>10) രാത്രികാല അടിയന്തിര മൃഗചികിത്സാസേവനം<br>11) പ്രധാന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ്<br>12) സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ<br>13) പിന്നാമ്പുറ താറാവു വളർത്തൽ.<br>14) സ്കൂൾ കുട്ടികൾക്ക് കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി<br>15) മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ, കേരള ഫീഡ്സ് ലിമിറ്റഡ് എന്നിവയിലൂടെ ഗുണനിലവാരമുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കൽ.<br>16) കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപറേഷൻ മുഖേന പിന്നാമ്പുറ കോഴിവളർത്തൽ , നഗരങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ<br>17) ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻ ബത്തേരിയിൽ ആധുനിക അറവുശാല<br>18) മാംസോത്പാദനം വർദ്ധിപ്പിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പരിശീലനം.<br>19) പട്ടികജാതി വകുപ്പിലൂടെ പട്ടികജാതി ഗുണഭോക്താക്കൾക്ക് പശുവിനെ നൽകുന്ന പദ്ധതി<br>20) ആർ.കെ.വി.വൈ പദ്ധതി<br>21) ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്. |

സെക്ഷൻ ഓഫീസർ